## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2999** **15/02/2013 ൽ മറുപടിക്ക്**

## മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ എത്ര ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) മഹിള സമഖ്യ സൊസൈറ്റിടെ കീഴിൽ സംസ്ഥാനത്ത് എത്ര ജീവനക്കാരാണുള്ളത്; | എ) മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ സംസ്ഥാനത്ത് 165 ജീവനക്കാരാണുള്ളത്. |
| ബി) നിയമനങ്ങളിൽ സംവരണം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | ബി) ഉണ്ട്. |
| സി) മഹിള സമഖ്യ ജീവനക്കാരിൽ ചിലർക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. മഹിള സമഖ്യ സൊസൈറ്റിടെ കീഴിൽ പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിലെ ചില ടീച്ചർമാർക്ക് സമഖ്യ നിർദ്ദേശിച്ചിട്ടുള്ള മിനിമം യോഗ്യത ഇല്ലാത്തവരുണ്ട്. കാരണം എം.എസ്. കെയിൽ നിൽക്കുന്ന കുട്ടികൾ വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്ന് വരുന്നവരും, സാധാരണ രീതിയിലുള്ള കൃത്യമായ പഠനം നടത്താൻ സാധിക്കാത്ത കുട്ടികളുമാണ്. എം.എസ്.കെ ടീച്ചർക്ക് 6000/- രൂപയാണ് ഹോണറേറിയം കൊടുക്കുന്നത്. ഈ കുറഞ്ഞ ഹോണറേറിയത്തിന് നിഷ്കർഷിച്ച യോഗ്യതയുള്ളവരെ കിട്ടാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ മറ്റ് യോഗ്യതയുള്ളവരെയും പരിഗണിച്ചിട്ടുണ്ട്. |
| ഡി) മഹിള സമഖ്യയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ മറ്റ് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ജില്ലാതല റിസോഴ്സ് ഗ്രൂപ്പിൽ ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ